(ബി) ഈ ആനുകൂല്യം അനുവദിക്കുന്നതിനുള്ള മാനദണ്ഡം വെളിപ്പെടുത്തുമോ ;

(സി) എത്ര കുടുംബങ്ങൾക്ക് ഈ ആനുകൂല്യം കിട്ടാൻ അർഹതയുണ്ടെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനെ അറിയിച്ചിരുന്നു ;

(ഡി) ഈ പദ്ധതി പ്രകാരം കിട്ടുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്നു അറിയിക്കുമോ ?

ഉത്തരം

(എ) 2,38,200 കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം കിട്ടും.

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരിൽ ഏറ്റവും താഴെ കിടക്കുന്ന 20 ശതമാനം ദരിദ്രർക്കുവേണ്ടിയുള്ള പരിപാടിയാണ് അന്ത്യോദയ അന്നയോജന.

(സി) കേന്ദ്രം മുകളിൽ പറഞ്ഞപ്രകാരം ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നവരുടെ എണ്ണം പരിമിതപ്പെടുത്തിയിട്ടുണ്ട്.

(ഡി) അരിക്ക് കിലോ ഒന്നിന് 3 രൂപയും ഗോതമ്പിന് കിലോ ഒന്നിന് 2 രൂപയും വില വച്ച് പ്രതിമാസം 25 കിലോ ഭക്ഷ്യധാന്യം നൽകാനാണ് ഉദ്ദേശിക്കുന്നത്.

അന്നപൂർണ്ണ പദ്ധതി

148 (1083) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാവപ്പെട്ടവർക്ക് കുറഞ്ഞ വിലയ്ക്ക് അരി നൽകുന്ന അന്നപൂർണ്ണ പദ്ധതി നിലവിൽ വന്നതെന്നാണ് ;

(ബി) ഈ പദ്ധതിയിൻ കീഴിൽ എത്ര കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കാനുള്ള അർഹതയുണ്ട് ?

ഉത്തരം

(എ) കേന്ദ്ര വയോജന പെൻഷൻ പദ്ധതിപ്രകാരം പെൻഷന് അർഹതയുള്ളവരും എന്നാൽ ഇപ്പോൾ പെൻഷൻ ലഭിക്കാതിരിക്കുന്നവരുമായ 65 വയസ്സിന് മുകളിലുള്ള വൃദ്ധജനങ്ങൾക്ക് മാസംതോറും 10 കിലോ അരി സൗജന്യമായി നൽകുന്ന ഒരു പദ്ധതിയാണ് അന്നപൂർണ്ണ പദ്ധതി. ഇത് 14-2-2001 മുതൽ സംസ്ഥാനത്ത് നിലവിൽ വന്നു.

(ബി) കേന്ദ്ര സർക്കാർ കണക്കുകൾ പ്രകാരം 44980 പേർക്ക് അർഹതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly